# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2021

19.06.2012 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾ വഴി വിദ്യാഭ്യാസ വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഉമ്മർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകൾ വഴി ഇപ്പോൾ വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ നൽകുന്ന കാര്യം ആലോചിക്കുമോ; | (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി ഇപ്പോൾ വിദ്യാഭ്യാസ വായ്പകൾ നൽകുന്നുണ്ട്. പൊതുമേഖല വാണിജ്യ ബാങ്കുകളെക്കാൾ കുറഞ്ഞ പലിശ നിരക്കിലാണ് നിലവിൽ സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകുന്നത്. |
| (ബി) സഹകരണ വകുപ്പിനുകീഴിലുള്ള പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന കുട്ടികൾക്കായി ഇപ്പോൾ വായ്പയോ സഹായമോ നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യവും പരിഗണിക്കുമോ? | (ബി) സർക്കാർ/സർക്കാർ അംഗീകൃത കൗൺസിലുകൾ/എ.ഐ.സി.റ്റി.ഇ/ അംഗീകൃത യൂണിവേഴ്സിറ്റികൾ തുടങ്ങിയവർ അംഗീകരിച്ച കോഴ്സുകൾക്ക് സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ/സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് അർഹതയുണ്ട്. ആയതിനാൽ സഹകരണ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ